# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3097 | 18.06.2019-ന് മറുപടിയ്ക്ക് |

## കരുനാഗപ്പള്ളി മാളിയേക്കൽ ഓവർ ബ്രിഡ്ജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ആർ. രാമചന്ദ്രൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ മാളിയേക്കൽ ഓവർ ബ്രിഡ്ജിനുവേണ്ടി ആകെ എത്ര സ്ഥലമാണ് ഏറ്റെടുക്കുന്നതെന്നും സ്ഥലവില എത്രയെന്നും വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിലെ മാളിയേക്കൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനുവേണ്ടി RBDCK യുടെ റിക്വിസിഷൻ പ്രകാരം 41.6 ആർസ് ഏറ്റെടുക്കാൻ അപേക്ഷിച്ചിരുന്നു. അതിൽ 39.37 ആർസ് വസ്തുവാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.<br><br>സെന്റ് ഒന്നിന് - 9,50,000/- രൂപ<br>ആർ ഒന്നിന് - 23,75,000/- രൂപ |
| (ബി) | ഇതുവരെ എത്ര പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും ഇനി എത്ര സ്ഥലം കൂടി ഏറ്റെടുക്കാനുണ്ടെന്നും വിശദീകരിക്കുമോ; | (ബി) | നാളിതുവരെ 38 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇനി 7 ആധാരങ്ങൾ രജിസ്റ്റർ ചെയ്യാനുണ്ട്. 30.56 ആർസ് സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഇനി 8.81 ആർസ് സ്ഥലം ഏറ്റെടുക്കാനുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്<br>ആധാരം രജിസ്റ്റർ ചെയ്യാനുള്ള 7 കേസുകളിൽ 2 എണ്ണത്തിൽ മുസ്ലീം പള്ളികൾ സ്ഥിതി ചെയ്യുന്നതിനാൽ വഖഫ് ബോർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ബാക്കിയുള്ള 5 കേസുകളിൽ അക്വിസിഷൻ നടപടികൾ പൂർത്തീയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ